കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - അടൂർ നഗരസഭ - ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം 2009-10 വർഷത്തേയ്ക്ക് വായ്പ എടുക്കുന്നതിനുള്ള അനുമതി - കൃത്യവിലോപം - നഗരസഭാ സെക്രട്ടറിയായിരുന്ന ഡോ. സാംജി ഡേവിഡിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 1467/2016/തസ്വഭവ തീയതി, തിരുവനന്തപുരം, 16.04.2016.

=====================================================================

**പരാമർശം :** 1) 28.05.2010 തീയതിയിലെ സ.ഉ. (സാധാ) നം. 1771/2010/തസ്വഭവ.
2) കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ 17.06.2010 തീയതിയിലെ സി-1183/2010 നമ്പർ കത്ത്.
3) അടൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ഡോ.സാംജി ഡേവിഡിന് നൽകിയ 30.09.2010 തീയതിയിലെ 53361/ഇയു1/10/തസ്വഭവ. നമ്പർ കുറ്റപത്രം.
4) കുറ്റപത്രത്തിന് ഡോ. സാംജി ഡേവിഡ് സമർപ്പിച്ച 15.01.2011 തീയതിയിലെ പ്രതിവാദ പത്രിക.
5) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഡോ. സാംജി ഡേവിഡ് ഫയൽ ചെയ്ത O.A.(EKM) No. 803/2014 മേലുള്ള 11.02.2015 തീയതിയിലെ ഉത്തരവ്.
6) നഗരകാര്യ ഡയറക്ടറുടെ 26.05.2015 തീയതിയിലെ വി1-15941/2010 നമ്പർ കത്ത്.

## ഉത്തരവ്

ഒന്നാം പരാമർശിത ഉത്തരവ് പ്രകാരം അടൂർ നഗരസഭയ്ക്ക് ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം 2009-10 വർഷത്തേയ്ക്ക് 1,37,96,000/- രൂപ വായ്പ എടുക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ അന്തിമ ലിസ്റ്റിന് കൗൺസിൽ അംഗീകാരം നൽകി 8 മാസത്തിനുശേഷവും ഒരു ഗുണഭോക്താവിനു പോലും ധനസഹായം വിതരണം ചെയ്തിട്ടില്ലെന്നും ബാങ്കുകൾ ലോൺ പാസ്സാക്കിയെങ്കിലും അനുമതി ലഭ്യമായ തുക എഗ്രിമെന്റ് വെച്ച് നടപടി സ്വീകരിച്ചില്ലെന്നും ഇത്തരത്തിൽ നഗരസഭാ സെക്രട്ടറിയുടെ ഭാഗത്തു ഗുരുതരമായ കൃത്യവിലോപം സംഭവിച്ചതായും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ അന്വേഷണാനന്തരം രണ്ടാം പരാമർശിത കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ഇത്തരത്തിൽ യഥാസമയം വായ്പ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിലും സെക്രട്ടറിയുടെ ഭാഗത്ത് നിന്നും ഗുരുതരമായ കാലതാമസവും വീഴ്ചയും ഉണ്ടായിട്ടുണ്ട് എന്നും തെക്കൻ മേഖലയിലെ മറ്റെല്ലാ നഗരസഭകളിലും ഇ.എം.എസ്. ഭവന

നിർമ്മാണ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ നല്ല പുരോഗതി ഉണ്ടെങ്കിലും അടൂർ നഗരസഭയിൽ ഇതുവരെയുള്ള ഒരു ഗുണഭോക്താവിനുപോലും ആനുകൂല്യം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലായെന്ന കാര്യം നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിലുള്ള ടിയാന്റെ തികഞ്ഞ പരാജയവും ഡ്യൂട്ടിയിലുള്ള കൃത്യവിലോപവും ആണെന്ന് വെളിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ നഗരസഭാ സെക്രട്ടറിയായിരുന്ന ഡോ. സാംജി ഡേവിഡിന് പരാമർശം മൂന്ന് പ്രകാരം കുറ്റപത്രം നൽകിയിരുന്നു.

2. കുറ്റപത്രത്തിന് ഡോ. സാംജി ഡേവിഡ് സമർപ്പിച്ച പരാമർശം നാലിലെ പ്രതിവാദ പത്രികയിൽ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് ഓഫീസർ ആയതിനാൽ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയാണെന്ന പ്രസ്താവന ശരിയല്ലെന്നും, പദ്ധതിയോട് കൗൺസിലിന്റെ സമീപനം പദ്ധതിക്കെതിരായിരുന്നുവെന്നും, കരട് പട്ടികയിൽ കാലതാമസമുണ്ടായതിനാൽ നഗരകാര്യ ഡയറക്ടർക്ക് രേഖാമൂലം കത്ത് നൽകിയിരുന്നെന്നും വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നെന്നും, കൗൺസിലിൽ നിഴലിട്ടിരുന്ന വിഭാഗീയതയാണ് ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാക്കിയതെന്നും ആയതിന് ടിയാൻ ഉത്തരവാദിയല്ലെന്നും, ബാങ്ക് വായ്പ എടുക്കുന്നതിന് അനുമതി ഉണ്ടായിരുന്നെങ്കിലും ആയത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിൽ ഭരണകർത്താക്കളിൽ നിലനിന്നിരുന്ന അഭിപ്രായ വ്യത്യാസത്തിന് ടിയാനെ ബലിയാടാക്കുന്നത് നീതീകരിക്കാനാവില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.ഐസക്കിനെ നീക്കി പകരം ഉദ്യോഗസ്ഥനെ നിയമിച്ചതിനാൽ . ടിയാന്റെ പേരും ഒപ്പുമുള്ള രേഖകളാണ് ബാങ്കിലുണ്ടായിരുന്നതിനാൽ സംഖ്യാ വിതരണം ചെയ്യുന്നതിനോ അക്കൗണ്ട് തുറക്കുന്നതിനോ ബാങ്ക് തയ്യാറായിരുന്നില്ലെന്നും, പിന്നീട് കൗൺസിൽ ചേർന്ന് പുതിയ ഉദ്യോഗസ്ഥനെ തീരുമാനിച്ച ശേഷമാണ് ബാങ്ക് നടപടിക്രമങ്ങൾ പൂർത്തിയായതെന്നും, നഗരസഭാ ഭരണത്തിൽ നിലനിന്നിരുന്ന അസ്ഥിരത, പദ്ധതി പ്രവർത്തനങ്ങളെ ബാധിച്ചിരുന്നതായി ബന്ധപ്പെട്ട നോട്ട് ഫയലുകൾ പരിശോധിച്ചാൽ കാണാവുന്നതാണെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടില്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്.

3. ഈ വിഷയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം ആറിലെ കത്തിലൂടെ ചുവടെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

"ഇ.എം.എസ്. ഭവന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികളുടെ ഭാഗമായി ഗുണഭോക്താക്കളെ സർവ്വെ നടത്തി കണ്ടെത്തുന്നതിന് ജീവനക്കാരെ നിയോഗിച്ച് ഉത്തരവായിട്ടുള്ളതാണെന്നും ഇപ്രകാരം സർവ്വെ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തിയ കരട് ലിസ്റ്റ് കൗൺസിലിൽ വയ്ക്കുന്നതിനായി 07.10.2009-ൽ മുനിസിപ്പൽ സെക്രട്ടറി അജണ്ട ഉൾപ്പെടെ അംഗീകരിക്കുകയും കൗൺസിൽ തീരുമാനപ്രകാരം പ്രസിദ്ധീകരിച്ച് ഗുണഭോക്തൃ കരട് ലിസ്റ്റ് ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്നതിന് എല്ലാ മാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുന്നതിന് 13.10.2009-ൽ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് ആക്ഷേപങ്ങളും പരാതികളും പരിശോധിക്കുന്നതിന് ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതുമാണ്. സർവ്വെ

നടത്തിയതും അപ്പീൽ ലഭിച്ചതുമായ ഗുണഭോക്താക്കളുടെ ലിസ്റ്റ് പത്തനംതിട്ട ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് 09.11.2009-ൽ പരിശോധനയ്ക്ക് അയച്ചു കൊടുക്കുകയും ഉണ്ടായി. എന്നാൽ ടി ലിസ്റ്റ് പരിശോധനയ്ക്ക് ഗുണഭോക്താക്കളുടെ അപേക്ഷകൾ കൂടി ലഭ്യമാക്കണമെന്ന് 20.11.2009-ലെ കത്തു മുഖേന ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ആവശ്യപ്പെട്ടതായി കാണുന്നു. അതു പ്രകാരം ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ അപേക്ഷ 18.12.2009-ൽ DMC യ്ക്ക് അയച്ചു കൊടുത്തതായും, ടി കത്ത് 21.12.2009-ൽ കൈപ്പറ്റിയിട്ടുള്ളതുമാണ്. ഇ.എം.എസ്. ഭവന പദ്ധതിയുമായി ബന്ധപ്പെട്ട സർവ്വെ എടുക്കുന്നതിനും തുടർപ്രവർത്തനങ്ങൾക്കും ടി പ്രോജക്ടിന്റെ implementing officer കുടുംബശ്രീ പ്രോജക്ട് ഓഫീസറെ ചുമതലപ്പെടുത്തി ഫയലും അനുബന്ധ രേഖകളും കൈമാറുന്നതിന് 06.01.2010-ൽ സെക്രട്ടറി നിർദ്ദേശിക്കുകയും തുടർന്ന് ടി നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന പദ്ധതി പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയുമാണ് ചെയ്തിരുന്നത്. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിലെ ഗുണഭോക്തൃലിസ്റ്റ് പല പ്രാവശ്യം തയ്യാറാക്കി കൗൺസിലിൽ സമർപ്പിച്ചിട്ടും അംഗീകരിക്കാതെ ഓരോ തടസ്സ വാദങ്ങൾ മൂലം അംഗീകരിക്കാത്ത സ്ഥിതി വിശേഷം സംജാതമായിരിക്കുന്നത് പദ്ധതിയുടെ നടത്തിപ്പിനെ ദോഷമായി ബാധിക്കുമെന്നതിൽ ടി കാര്യം സർക്കാരിനെയും നഗരകാര്യ വകുപ്പിനെയും അറിയിക്കുകയും കൂടാതെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചു ലഭ്യമാക്കണമെന്ന് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് അറിയിപ്പ് നൽകിയും കാണുന്നു. ഇ.എം.എസ്. ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് ജില്ലാ സഹകരണ ബാങ്ക്, പത്തനംതിട്ട, പന്നിവിഴ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവിടങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള നടപടികൾക്കായി സർക്കാരിനോട് അപേക്ഷ നൽകുന്നതിന് 26.04.2010-ൽ കൗൺസിൽ അംഗീകാരം നൽകിയതായും, അതു പ്രകാരം 28.05.2010-ലെ G.O. (Rt)1771/10/LSGD ഉത്തരവു പ്രകാരം അനുമതി നൽകിയിട്ടുള്ളതുമാണ്. ഇതിനായി നിർവ്വഹണോദ്യോഗസ്ഥന്റെയും ചെയർപേഴ്സന്റെയും പേരിൽ സംയുക്ത അക്കൗണ്ട് തുടങ്ങുന്നതിന് 03.06.2010-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം ആയിട്ടുള്ളതുമാണ്. മേൽ സർക്കാർ ഉത്തരവിന്റെയും 03.06.2010-ലെ കൗൺസിൽ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ടി ബാങ്കുകളിൽ അക്കൗണ്ട് ആരംഭിക്കുന്നതിനും വായ്പ ലഭ്യമാക്കുന്നതിനും 04.06.2010-ൽ ബാങ്കുകൾക്ക് കത്ത് നൽകി. എന്നാൽ ടി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എഗ്രിമെന്റ്, അനുബന്ധ രേഖകൾ എന്നിവയിൽ ഒപ്പു വെയ്ക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ചെയർപേഴ്സൺ എന്നിവരെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള കൗൺസിൽ തീരുമാനം ആവശ്യമാണെന്ന് ബാങ്കുകൾ അറിയിക്കുകയും അതു പ്രകാരം 11.06.2010-ൽ കൂടിയ നഗരസഭാ കൗൺസിൽ 1(2)-ാം നമ്പരായി തീരുമാനം എടുക്കുകയും 14.06.2010-ൽ തീരുമാനം ബാങ്കുകൾക്ക് നൽകിയിട്ടുള്ളതുമാണ്. മേൽ കാരണങ്ങളാണ് അടൂർ നഗരസഭയിൽ ഇ.എം.എസ്. പദ്ധതി ഗുണഭോക്താക്കൾക്ക് യഥാസമയം തുക നൽകാൻ കഴിയാതെ പോയതായി കാണുന്നത്. ആകയാൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്."

4) ഇതേ സമയം ടിയാനെതിരായ അച്ചടക്ക നടപടികൾ തീർപ്പാക്കണമെന്നപേക്ഷിച്ച് ഡോ. സാംജി ഡേവിഡ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA (EKM) 803/2014

കേസിലെ 5-ാം പരാമർശിത ഉത്തരവിൽ ടിയാനെതിരായി സർക്കാരിൽ നിലവിലുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഡോ. സാംജി ഡേവിഡ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ Contempt Petition No. 4/2016 ഫയൽ ചെയ്യുകയുമുണ്ടായി.

5. ഇ.എം.എസ്. ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിന്റെ കരട് അംഗീകരിക്കുന്നതിന് സംബന്ധിച്ച നടപടി ക്രമങ്ങൾ പാലിക്കുന്നതിനുണ്ടായ കാലതാമസവും, ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്നതിനുണ്ടായ സാങ്കേതിക തടസ്സങ്ങളുമാണ് ആനുകൂല്യം നൽകുന്നതിന് താമസമുണ്ടാക്കിയതെന്ന് കാണുന്നു. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് ഓഫീസർ ശ്രീ. ജയകുമാറിനെ അധികാരപ്പെടുത്തി കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. പദ്ധതിയിൽ കാലതാമസമുണ്ടായ സാഹചര്യത്തിൽ പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് സെക്രട്ടറി നടപടി കൈക്കൊണ്ടിട്ടുള്ളതായി കാണുന്നു. മേൽ സാഹചര്യത്തിൽ ഇക്കാര്യത്തിൽ സെക്രട്ടറിയെ മാത്രം കുറ്റക്കാരനായി കാണാനാകില്ല. ആകയാൽ ഈ വിഷയത്തിൽ അടൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ഡോ.സാംജി ഡേവിഡിനെതിരായ അച്ചടക്ക നടപടി, ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പുലർത്തണമെന്ന നിർദ്ദേശം നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**
**രത്നമ്മ. വി,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ,
തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), തൃശൂർ
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, അടൂർ നഗരസഭ.
ഡോ. സാംജി ഡേവിഡ്, സെക്രട്ടറി, പുനലൂർ നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**